1. കൂടുതൽ നിത്യോപയോഗ സാധനങ്ങൾ ശേഖരിക്കുന്നതിനായി കുറഞ്ഞത് 500 ച.അടിയെങ്കിലും വിസ്തീർണ്ണമുള്ള സൗകര്യ പ്രദമായ കെട്ടിടങ്ങളിലാണ് പുതിയ മാവേലി സ്റ്റോറുകൾ അനുവദിക്കുന്നത്. സ്ഥലക്കുറവുള്ള മാവേലി സ്റ്റോറുകളിലും സൂപ്പർ മാർക്കറ്റുകളിലും കൂടുതൽ സ്ഥലസൗകര്യം ലഭ്യമാക്കുന്നതിന് നിർദ്ദേശങ്ങൾ നൽകി നടപ്പിലാക്കിവരുന്നു.

2. സ്ഥലസൗകര്യം കുറഞ്ഞ വിൽപ്പനശാലകളിലേയ്ക്ക് കൂടുതൽ പ്രാവശ്യം സാധനങ്ങളെത്തിച്ചുകൊടുക്കുന്നു.

3. മുൻമാസങ്ങളിലെ വിൽപ്പന, കഴിഞ്ഞ വർഷം ഇതേ മാസങ്ങളിലെ വിൽപ്പന, ഉൽസവസീസൺ മുതലായവ കണക്കിലെടുത്ത് എല്ലാ വിൽപ്പനശാലകളിലും ആവശ്യത്തിന് അവശ്യസാധനങ്ങൾ എത്തിച്ചുകൊടുക്കുവാൻ എല്ലാ ഡിപ്പോകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

4. കൂടാതെ എസ്.പി. തലത്തിലുള്ള ഉദ്യോഗസ്ഥൻ (വിജിലൻസ് ഓഫീസർ) മാവേലി സ്റ്റോറുകളിൽ മിന്നൽ പരിശോധന നടത്തി അവശ്യസാധനങ്ങൾ ആവശ്യാനുസരണമുണ്ടെന്ന് ഉറപ്പ് വരുത്താറുണ്ട്. പ്രത്യേകിച്ച് സബ്സിഡി സാധനങ്ങൾ സപ്ലൈകോ വിൽപ്പനശാലകളിലും ആവശ്യത്തിന് ലഭ്യമാക്കുവാനുള്ള എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

5. ആവശ്യമായ സമയങ്ങളിൽ ഒരു ഡിപ്പോയിൽനിന്നും മറ്റ് ഡിപ്പോകളിലേയ്ക്കും സാധനങ്ങൾ എത്തിച്ചുകൊടുക്കാനുള്ള നിർദ്ദേശം എല്ലാ മേഖലാ മാനേജർമാർക്കും നൽകിയിട്ടുണ്ട്.

(ഡി) നിലവിൽ മാവേലിക്കര മണ്ഡലത്തിലെ എല്ലാ പഞ്ചായത്തുകളിലും മാവേലി സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്.

സപ്ലൈകോ വിതരണം ചെയ്യുന്ന അവശ്യസാധനങ്ങളുടെ സബ്സിഡി

174 (5259) ശ്രീ. പി. ഉബൈദുള്ള :താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സപ്ലൈകോവഴി സബ്സിഡി നൽകി വിതരണം ചെയ്യുന്ന അവശ്യ സാധനങ്ങളുടെ വില വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സബ്സിഡി നൽകുന്ന ഇനങ്ങൾക്ക് തുടർന്ന് നൽകുവാനും വില വർദ്ധനവ് തടയാനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) തീരുമാനിച്ചിട്ടില്ല.

(ബി) സബ്സിഡി നൽകുന്ന ഇനങ്ങൾക്ക് സബ്സിഡി തുടർന്നുനൽകുന്നുണ്ട്. പൊതുവിപണിയിൽ സജീവമായി ഇടപെട്ട് ഫലപ്രദമായ രീതിയിൽ വില വർദ്ധനവ് തടയുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അനിയന്ത്രിതമായ വില വർദ്ധനവ് ഇപ്പോഴില്ല.

സപ്ലൈകോ നിയമനം

175 (5260) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സപ്ലൈകോയിൽ അസിസ്റ്റന്റ് സെയിൽസ്മാൻ, ജൂനിയർ അസിസ്റ്റന്റ് II, സീനിയർ അസിസ്റ്റന്റ് I എന്നീ തസ്തികകളിൽ ഡയറക്ട് സ്റ്റാഫിന്റെ സ്ട്രെങ്ത് എത്ര വീതമാണ് വ്യക്തമാക്കുമോ ;

(ബി) സപ്ലൈകോ എറണാകുളം ഡിപ്പോയുടെ കീഴിൽ ശ്രീ. എ. കെ. ജോണി എന്ന ജീവനക്കാരൻ ഏതു തസ്തികയിലാണ് ജോലി ചെയ്യുവരുന്നത് ; വിശദമാക്കുമോ ;

(സി) സപ്ലൈകോയിൽ ഡെപ്യൂട്ടേഷൻ സ്റ്റാഫിന്റെ സ്ട്രെങ്ത് എത്ര വീതമാണ് ; ഓരോ ജില്ലയിലും എത്ര തസ്തികകൾ വീതമാണ് അവർക്ക് അനുവദിച്ചിട്ടുള്ളത് ; വ്യക്തമാക്കാമോ ;

(ഡി) ജൂനിയർ അസിസ്റ്റന്റ്, സീനിയർ അസിസ്റ്റന്റ് II എന്നീ തസ്തികകളിൽ കോർപ്പറേഷൻ സ്റ്റാഫിന് എത്രവീതം ഒഴിവുകൾ നിലവിലുണ്ട് ; വ്യക്തമാക്കാമോ ;

(ഇ) കോമൺ സർവ്വീസ് റാങ്ക് നടപ്പിൽ വരുത്തുന്നതിനായി അന്തിമ റിപ്പോർട്ട് തയ്യാറായിട്ടുണ്ടോ ; എന്നു മുതൽ ഇത് നടപ്പിലാക്കുമെന്ന് വിശദമാക്കുമോ ;

(എഫ്) എസ്.എസ്.എൽ.സി. യോഗ്യതയുള്ള അസിസ്റ്റന്റ് സെയിൽസ്മാന് ലാസ്റ്റ് ഗ്രേഡിനേക്കാളും താഴ്ന്ന ശമ്പളവും എൽ.ഡി.ക്ലാർക്കിന്റെ ജോലിയുമാണെന്നുള്ളതും ആയത് മനുഷ്യാവകാശ ലംഘനമാണെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly